LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് വേതനം

263 (2818) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുവാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി പ്രസ്തുത വിഭാഗക്കാരുടെ ശമ്പളം ബാങ്കുവഴി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശമ്പളം ബാങ്കു വഴി നൽകണമെന്ന് നിഷ്കർഷിക്കുന്ന ശമ്പള സംരക്ഷണ നിയമം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ ഇതിനുള്ള നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1948-ലെ മിനിമം വേതന നിയമം അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ 74 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് നടപ്പിലാക്കി വരുന്നതിനുപുറമേ, പുതിയതായി ഉൾപ്പെടുത്തപ്പെട്ട അഞ്ച് തൊഴിൽ മേഖലകളിൽ കൂടി മിനിമംവേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്ഥാപനങ്ങളിൽ പരിശോധന നടത്തി മിനിമം വേതന നിയമപ്രകാരമുള്ള കൂലി ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും നിയമ ലംഘനം നടത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷനും ക്ലെയിം പെറ്റീഷനും ഉൾപ്പെടെയുള്ള നിയമ നപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. 2014 ഒക്ടോബർ വരെ സംസ്ഥാനത്തെ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ സ്വകാര്യ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി, തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് തൊഴിലാളികൾക്ക് നൽകുന്നുണ്ടോയെന്ന് ഓൺലൈൻ വഴി പരിശോധിക്കാനും ഇതിൽ വീഴ്ച വരുത്തുന്ന ഉടമകൾക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും കഴിയും.

(സി&ഡി) ശമ്പള സംരക്ഷണ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. എന്നാൽ വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മിനിമം വേതന ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ഐ.ഡി. നിയമത്തിന്റെ സെക്ഷൻ 2(S) ഭേദഗതി ചെയ്യാൻ നടപടി

264 (2819) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയിൽസ് പ്രൊമോഷൻ എംപ്ലോയിസ് (കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ആക്ടിന്റെ പരിധിയിൽവരുന്ന ജീവനക്കാർക്ക് വർക്ക്മാൻ എന്ന പരിഗണന കിട്ടുന്നതിന് ഐ.ഡി. നിയമത്തിന്റെ സെക്ഷൻ 2(S) ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(സി) 2005 ഡിസംബറിൽ പ്രസ്തുത ഭേദഗതി ഓർഡിനൻസായി ഇറക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) 1947-ലെ വ്യവസായിക തർക്കങ്ങൾ ആക്ടിന്റെ 2 (എസ്) വകുപ്പ് ഭേദഗതി ചെയ്യുന്നതിന്റെ ആവശ്യത്തിലേയ്ക്കായി 2012-ലെ വ്യവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ 13-ാം കേരള നിയമസഭയുടെ 69-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly